നമ്പർ 136/2016

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും
ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

BASELIOS MARTHOMA PAULOSE II
CATHOLICOS OF THE EAST AND MALANKARA METROPOLITAN
2010

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,

"നിങ്ങൾ എന്റെ സാക്ഷികളാകുവീൻ" എന്ന കർത്തൃകല്പന പരിശുദ്ധ സഭയുടെ സാക്ഷ്യജീവിതത്തിന്റെ പ്രഖ്യാപനമാണ്. ക്രിസ്തു സ്നേഹത്തിന്റെ ആവിഷ്കരമായി സഭാ ജീവിതം മാറുമ്പോഴാണ് ഈ കൽപന അന്വർത്ഥമാകുന്നത്. ഇപ്രകാരമുള്ള ക്രിസ്തീയ ദൗത്യം നിറവേറ്റുവാൻ ദൈവകൃപയാൽ മലങ്കര സഭയ്ക്ക് കുറെയെങ്കിലും സാദ്ധ്യമാകുന്നു എന്നതിൽ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. കുഷ്ഠരോഗികൾ, എയിഡ്സ് രോഗികൾ, അവരുടെ മക്കൾ, കാൻസർരോഗികൾ, അനാഥർ, ആലംബഹീനർ, വൃദ്ധർ, പാർശ്വവൽക്കരിക്കപ്പെട്ടവർ തുടങ്ങി നാനാതരത്തിൽ ക്ലേശിക്കുന്നവർക്ക് ആശ്വാസവും ആലംബവുമായി അനേക മിഷൻ പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു. യാച്ചാരം, പൂന-ദേഹുറോഡ്, കലഹണ്ടി, ഇറ്റാർസി, ഭിലായ്, മക്കോഡിയാ, കർണ്ണാടകയിലെ കുണിഗൽ തുടങ്ങി അനേക സ്ഥലങ്ങളിലും കേരളത്തിനകത്തുമായി പ്രവർത്തിക്കുന്ന മിഷൻ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി മുന്നേറിക്കൊണ്ടിരിക്കുന്നു എന്നതിൽ നാം അതിയായി സന്തോഷിക്കുന്നു. ആൻഡമാൻസിലെ മിഷൻ കേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. കോട്ടയത്ത് അമയന്നൂരിലെ വികലാംഗഭവന്റെ കൂദാശ നിർവ്വഹിക്കപ്പെട്ടു. ഈവർഷം ജൂലൈ മാസത്തിൽ മാവേലിക്കര മിഷൻ സെന്ററിൽ ആരംഭിക്കുന്ന 18-ാം ബാച്ച് ഡിപ്ലോമാ കോഴ്സിലേക്ക് +2 വിദ്യാഭ്യാസമുള്ളവരെ കണ്ടെത്തി അയയ്ക്കണമെന്ന് താത്പര്യപ്പെടുന്നു.

വീണ്ടും പ്രിയരെ,

മിഷൻ സൺഡേ പിരിവായി കഴിഞ്ഞ വർഷം 5,41,364.92 രൂപാ അധികമായി ലഭിച്ചതിലുള്ള നമ്മുടെ സന്തോഷം അറിയിക്കുന്നു. വൈദീകരുടെ പ്രോത്സാഹനവും മിഷൻ പ്രവർത്തനങ്ങളോടുള്ള ദൈവമക്കളുടെ താല്പര്യവുമാണ് ഇതിലൂടെ വെളിവാകുന്നത്. ഈ വർഷത്തെ മിഷൻസൺഡേ 2016 ജൂലൈ 3-ാം തീയതിയാണ്. സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി അന്നേദിവസം പ്രത്യേകം പ്രാർത്ഥിക്കുകയും മിഷൻസൺഡേ കവർപിരിവിൽ ഏവരും മുൻവർഷത്തേക്കാൾ അധികമായി സഹകരിക്കുകയും ചെയ്യണം. കവർപിരിവും മിഷൻസൺഡേദിനത്തിലെ കാണിക്കയും പ്രത്യേക സംഭാവനയും ചേർത്ത് മിഷൻബോർഡ് പ്രസിഡന്റ് അഭി.ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായുടെ പേർക്ക് സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്റർ, മാവേലിക്കര-690103 എന്ന വിലാസത്തിൽ അയച്ചുകൊടുക്കണം.
ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കന്മാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2016 മെയ് മാസം 12 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.